മലയാള മനോരമ 30 November 2021

# നൂതന മത്സ്യകൃഷി: പട്ടികജാതി കുടുംബങ്ങൾക്ക് പിന്തുണയേകി സിഎംഎഫ്ആർഐ

കൊച്ചി● നൂതന മത്സ്യകൃഷി നടത്താൻ പട്ടികജാതി കുടുംബങ്ങൾക്കു പിന്തുണയേകി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ പദ്ധതിക്കു കീഴിൽ ചേരാനല്ലൂരിലെ 5 കുടുംബങ്ങൾ ബയോഫ്ലോക് കൃഷിക്കു തുടക്കമിട്ടു.

ഈ രീതിയിൽ 1800 ഗിഫ്റ്റ് തിലാപിയയാണു കൃഷി ചെയ്യുന്നത്.

8 മാസത്തെ കൃഷിയിൽ നിന്നു 1.35 ലക്ഷം രൂപയെങ്കിലും വരുമാനം കിട്ടുമെന്നാണു പ്രതീക്ഷ. ബയോഫ്ലോക് കൃഷിയിലൂടെ ഗിഫ്റ്റ് തിലാപിയ ഇക്കാലയളവിൽ 500 ഗ്രാം വരെ തൂക്കം നേടാം.

ഉയർന്ന അളവിൽ കുഞ്ഞുങ്ങളെ നിക്ഷേപിച്ചും മീനുകൾക്കു ഗുണകരമായ ബാക്ടീരിയ ഉപയോഗപ്പെടുത്തിയും നിയന്ത്രിത സാഹചര്യത്തിൽ നടത്തുന്ന കൃഷി രീതിയാണിത്.

തീറ്റ താരതമ്യേന കുറച്ചു മതി. ജലാശയങ്ങളും കുളങ്ങളും ലഭ്യമല്ലെങ്കിൽ വീട്ടുവളപ്പിൽ ബയോഫ്ലോക് ജലസംഭരണി നിർമിച്ചും ഈ കൃഷി സാധിക്കും.

കൃഷിയുടെ ഓരോ ഘട്ടത്തിലും സിഎംഎഫ്ആർഐയിലെ ഗവേഷണ സംഘത്തിന്റെ നിരീക്ഷണം ഉണ്ട്.

ടാങ്കും അനുബന്ധ സൗകര്യങ്ങളും മത്സ്യക്കുഞ്ഞുങ്ങളും മത്സ്യത്തീറ്റയും മറ്റും സിഎംഎഫ്ആർഐ നൽകി.

വെള്ളത്തിന്റെ നിലവാരം ഉറപ്പാക്കാനുള്ള കിറ്റും ഉണ്ട്.

ഡോ. കെ. മധുവിന്റെ നേതൃത്വത്തിലാണു പദ്ധതി നടപ്പിലാക്കുന്നത്.